# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

[Mahatma Gandhi NREGA Social Audit Society Kerala

(MGNSASK)]

---

**9-ാമത് ഗവേർണിംഗ് ബോഡി കമ്മറ്റിയോഗം**

**12.10.2020 തിങ്കളാഴ്ച പകൽ 3 മണിയ്ക്ക്**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ പാളയംഎൽ.എം.എസ്സ്. കോമ്പൗണ്ടിലുള്ള സി.ഡബ്യൂ.സി ബിൽഡിംഗ്സിലെ 2-ാം നിലയിൽ**

**അദ്ധ്യക്ഷൻ: ശ്രീ. പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്.**

സ്പെഷ്യൽ സെക്രട്ടറി, ജലവിഭവവകുപ്പ് & ചെയർപേഴ്സണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഗവേർണിംഗ് ബോഡി യോഗത്തിന്റെ

# മിനിട്ട്സ്

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ,12.10.2020-ൽ ചേർന്ന, 9-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ്.**

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ മാറ്റിവെയ്ക്കപ്പെട്ട 9-മത് ഗവേർണിംഗ് ബോഡി യോഗം ശ്രീ. പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്സ്, സെപ്ഷ്യൽ സെക്രട്ടറി (ജലവിഭ വവകുപ്പ്) കേരളസർക്കാർ & ചെയർമാൻ, ഗവേർണിംഗ് ബോഡിയുടെ അദ്ധ്യക്ഷതയിൽ 3.15-ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർനില അന്യത്ര ചേർത്തിട്ടുണ്ട്.

യോഗത്തിൽ നാല് അംഗങ്ങൾ നേരിട്ടും അഞ്ച് അംഗങ്ങൾ ഓൺലൈനായും പങ്കെടുത്തു. യോഗനടപടികൾ ചെയർമാന്റെ നിർദ്ദേശാനുസരണം അജണ്ട പ്രകാരം വൈസ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. തുടർന്ന് 3.30-ന് ചെയർമാന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ തുടർന്നു. ചർച്ചകളിലൂടെ യോഗത്തിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**തീരുമാനങ്ങൾ**

1. ഓഡിറ്റിംഗ് സ്റ്റാൻഡേഴ്സിന്റെ മലയാളപരിഭാഷ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ഗവേർണിംഗ് ബോഡി അംഗീകാരം നൽകി തുടർനടപടികൾ സ്വീകരിച്ച് ഹാന്റ് ബുക്ക് പ്രിന്റ് ചെയ്ത് എത്രയുംവേഗം റിസോഴ്സ്പേഴ്സൺമാർക്ക് നൽകുവാൻ നടപടി കൈക്കൊള്ളുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

2. അജണ്ട എ2 മുതൽ എ7 വരെയുള്ള വിഷയങ്ങൾ ഡയറക്ടർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ യോഗം അംഗീകരിച്ചു.

3. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കണക്കുകൾ സംബന്ധിച്ച് യോഗം ചർച്ച ചെയ്യുകയും സബ്ബ് കമ്മിറ്റി അംഗങ്ങളുടെ നിർദ്ദേശപ്രകാരം വരവ്-ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ വിധേയമാക്കുവാനും തീരുമാനിച്ചു. കണക്കുകൾ ഓഡിറ്റ് ചെയ്യണമെന്ന് അക്കൗണ്ടന്റ് ജനറലിനോട് 28.04.2020-ന് തന്നെ അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു. എന്നാൽ ഓരോർമ്മക്കുറിപ്പോടുകൂടി ആയത് അക്കൗണ്ടന്റ് ജനറലിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവരുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി. കത്ത് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടന്റ് ജനറൽ എത്രയും പെട്ടെന്ന് ഓഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് അക്കൗണ്ടന്റ് ജനറലിന്റെ പ്രതിനിധി അറിയിച്ചു.

4. മുൻഡയറക്ടറുടെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് മടക്കിയച്ചത് സംബന്ധിച്ചും സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റിന് ഡയറക്ടറുടെ പൂർണ്ണ അധികാരങ്ങൾ നൽകിയതുമായ സർക്കാർ തീരുമാനങ്ങൾ നടപ്പാക്കിയത് യോഗം അംഗീകരിച്ചു.

5. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ ചെലവുകൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഡയറക്ടർ വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരുവട്ടം കൂടി ഓർമ്മക്കുറിപ്പ് അയയ്കുന്നതിന് ഡയക്ടറെ ചുമതലപ്പെടുത്തി.

6. എസ്.ഡി.എസ്സിന്റെയും, എസ്.എ.ഇയുടെയും സേവനകാലാവധി ദീർഘിപ്പിച്ച നടപടി അംഗീകരിച്ചു.

7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽഓഡിറ്റ് സൊസൈറ്റി കേരളയുടെ 01.12.2017 മുതൽ 31.03.2020 വരെയുള്ള സംക്ഷിപ്ത റിപ്പോർട്ട് യോഗം അംഗീകരിച്ചു.

8. ഭാവി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ (2020-2021) ചർച്ച ചെയ്ത് നാളിതുവരെയുള്ള സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തിയും യോഗം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

എ. ജില്ലാ റിസോഴ്സ്പേഴ്സൺമാരുടെയും ബ്ലോക്ക് റിസോഴ്സ്പേഴ്സൺമാരുടെയും ഒഴിവുകൾ അടിയന്തിരമായി നികത്തണമെന്ന് തീരുമാനിച്ചു.

ബി. വില്ലേജ് റിസോഴ്സ്പേഴ്സൺമാരുടെ കുറവുകൾ അടിയന്തിരമായി നികത്തുവാനും തീരുമാനിച്ചു.

സി. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും തീരുമാനിച്ചു.

ഡി. സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ അടിയന്തിരമായി മതിയായ യോഗ്യതയും പ്രാവീണ്യവുമുള്ള ഒരു അക്കൗണ്ടസ് ഓഫീസറെയും, ഒരു എം.ഐ.എസ്സ്. എക്സ്പെർട്ടിനെയും നിയമിക്കണമെന്നും യോഗം തീരുമാനിച്ചു.

ഇക്കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

9. 2020-21-ലെ ബഡ്ജറ്റ് യോഗം അംഗീകരിച്ചു. ചെലവിന് ആനുപാതികമായി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണവും വർദ്ധിച്ചിരിക്കണമെന്ന് ഡയറക്ടർക്ക് നിർദ്ദേശം നൽകി.

10. 31.03.2020 വരെയും 01.04.2020 മുതൽ 28.09.2020 വരെയുമുള്ള വരവ്-ചെലവ് (57%)കണക്ക് ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു.

11. ഭരണറിപ്പോർട്ട് യോഗം അംഗീകരിക്കുകയും സർക്കാരിലേക്ക് അയയ്ക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകി.

12. 2020-2021 ലേബർ ബഡ്ജറ്റ് അംഗീകാരത്തിനായി ചേർന്ന എംപവേർഡ് കമ്മറ്റി-മീറ്റിംഗിൽ ഉയർന്ന സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് പരാമർശങ്ങൾ/നിർദ്ദേശങ്ങൾ എന്നിവ യോഗത്തിന്റെ അറിവിലേയ്ക്കും തുടർനടപടികൾക്കുമായി ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

13. കുറവുള്ള സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ടിന്റെ ഒഴിവുകൾ അടിയന്തിരമായി നികത്തുവാൻ നടപടികൾ സ്വീകരിക്കുവാൻ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

14. സ്റ്റേറ്റ് റിസോഴ്സ്പേഴ്സണായ ശ്രീ. പുതുശ്ശേരി ശ്രീനിവാസന്റെ കരാർ പുതുക്കി നൽകിയ നടപടി സാധൂകരിച്ചതിന്റെ അടിസ്ഥാനത്തിലും എസ്.എ.യു ഹെഡ് ഓഫീസിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ കുറവും കണക്കിലെടുത്ത് ഭരണപരമായ സൗകര്യം മുൻനിറുത്തി ടിയാൻ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഹെഡ് ഓഫീസിൽ വന്ന് ജോലി ചെയ്യുവാൻ നോട്ടീസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു. സ്റ്റേറ്റ് റിസോഴ്സ്പേഴ്സണിന്റെ റോൾ ആന്റ് ഡ്യൂട്ടീസ് വ്യക്തമാക്കികൊണ്ട് ഉത്തരവ് നൽകണമെന്നും സംസ്ഥാനത്തൊട്ടാകെയുള്ള പരിശീലനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകണമെന്നും യോഗം നിർദ്ദേശിച്ചു.

15. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് എക്സപെർട്ടിന്റെ അദ്ധ്യക്ഷതയിൽ നിയോഗിച്ച് കമ്മിറ്റിയുടെ തീരുമാനങ്ങൾ ചർച്ച ചെയ്യുന്നത് അടുത്ത യോഗത്തിലേക്ക് മാറ്റിവെച്ചുകൊണ്ട് തീരുമാനിച്ചു.

16. നിലവിലുള്ള റിസോഴ്സ്പേഴ്സൺമാരുടെ പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ റീവ്യൂ ചെയ്യുന്നതിനും അവർക്ക് ശരിയായ ട്രെയിനിംഗ് നൽകുന്നതിനും തീരുമാനിച്ചു.

17. ഡി.ആർ.പി.മാർക്കും ബി.ആർ.പിമാർക്കും കിലയിൽവെച്ച് ഒരു പരിശീലനപരിപാടി ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കുവാൻ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

18. സോഷ്യൽ ഓഡിറ്റ് വിഭാഗത്തിൽ ഒരു പരാതി പരിഹാര ക്രമീകരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു.

19. പരാതികൾ സ്വീകരിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ ഒരു ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തണമെന്നും യോഗം നിർദ്ദേശിച്ചു.

20. റിസോഴ്സ് പേഴ്സൺമാർക്ക് ചികിത്സാസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുകയും കാലാകാലങ്ങളിൽ എം.ജി.എൻ.ആർ.ഇ.ജിയിൽ നൽകുന്ന അതേ നിരക്കുള്ള ചികിത്സാസഹായവും മരണ സംഭവിച്ചാൽ നൽകുന്ന എക്സ്ഗ്രേഷ്യയും നൽകുവാൻ ഡയറക്ടർക്ക് അനുവാദം നൽകി തീരുമാനിച്ചു.

21. യോഗത്തിലെ പ്രധാന അജണ്ട ആയിരുന്ന എം.ജി.എൻ.എസ്.എ.എസ്.കെ ബൈലോ ഭേദഗതികൾ യോഗം ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ഭേദഗതിയോടെ ബൈലോ പാസ്സാക്കാനും തീരുമാനിച്ചു.

ഭേദഗതി (Item 14) ഇനം 14 (composition of Governing Body)- ഗവേർണിംഗ് ബോഡി അംഗങ്ങളുടെ ആകെ എണ്ണം 10-ൽ നിന്നും 11-ആയി വർദ്ധിപ്പിക്കാനും അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം 3 -ൽ നിന്ന് 4 ആയി വർദ്ധിപ്പിക്കാനും യോഗം അംഗീകാരം നൽകി. യോഗത്തിന്റെ ശുപാർശ സർക്കാരിന്റെ അംഗീകാരത്തിന് നൽകുവാനും തീരുമാനിച്ചു.

22. മറ്റ് വകുപ്പുകളുടെയും സോഷ്യൽ ഓഡിറ്റ് നടത്തണമെന്നുള്ള 3 അഭ്യർത്ഥനകൾ യോഗത്തിൽ ഡയറക്ടർ സമർപ്പിച്ചു. തൽക്കാലം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനും, എൻ.എഫ്.എസ്.എ, സ്വഛ് ഭാരത് മിഷൻ, സഹകരണവകുപ്പ (അട്ടപ്പാടി സമഗ്ര ആരോഗ്യപദ്ധതി) എന്നിവയുടെ സോഷ്യൽ ഓഡിറ്റുകൾ ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ലായെന്ന് യോഗം തീരുമാനിച്ചു.

23. നാളിതുവരെയുള്ള സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഒരു Working paper തയ്യാറാക്കി ഗവേർണിംഗ് ബോഡിക്ക് സമർപ്പിക്കണമെന്ന് ഡയറക്ടറോട് നിർദ്ദേശിച്ചു.

24. മറ്റ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുന്നത് ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

25. ശമ്പളവർദ്ധനവുമായി ബന്ധപ്പെട്ട റിസോഴ്സ്പേഴ്സൺമാരുടെ നിവേദനങ്ങൾ ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയതിന്മേൽ സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായതിനുശേഷം പരിഗണിക്കാമെന്നും തീരുമാനിച്ചു.

യോഗം 5 മണിക്ക് അവസാനിച്ചു.

14/X/2020

ഡയറക്ടർ
സോഷ്യൽ ഓഡിറ്റ് യൂണിറ്റ്,കേരള
കൺവീനർ, ഗവേർണിംഗ് ബോഡി

19/10/2020

പ്രണബ് ജ്യോതിനാഥ്
സ്പെഷ്യൽ സെക്രട്ടറി, ജലവിഭവവകുപ്പ്
&
ചെയർപേഴ്സൺ,
ഗവേർണിംഗ് ബോഡി, എസ്.എ.യു.കേരള

PRANABJYOTI NATH, IAS
Special Secretary
Water Resources Department
Govt. Secretariat, Thiruvananthapuram
Phone: 2518222

14/10/2020

<u>ഹാജർനില</u>

1. ശ്രീ. പ്രണബ് ജ്യോതിനാഥ്. (സ്പെഷ്യൽ സെക്രട്ടറി, ജലവിഭവവകുപ്പ്)
2. ശ്രീ. എസ്.രാജേന്ദ്രൻ, വൈസ് ചെയർപേഴ്സൺ, ഗവേർണിംഗ് ബോഡി
3. ശ്രീ.ഇ.ശ്രീകുമാർ (എസ്.എ.യു. കേരള)
4. ശ്രീ. ബിജുക്കുട്ടൻ എം.എസ് (അഡീഷണൽ ത.സ്വ.ഭ.വ)

**ഓൺലൈനിൽ പങ്കെടുത്തവർ**

5. ഡോ. എൻ. രമാകാന്തൻ, മെമ്പർ ഗവേർണിംഗ് ബോഡി
6. ശ്രീമതി. പി. തങ്കം ടീച്ചർ, മെമ്പർ ഗവേർണിംഗ് ബോഡി.
7. ശ്രീമതി. ഗിരിജ സുരേന്ദ്രൻ, മെമ്പർ ഗവേർണിംഗ് ബോഡി.
8. ശ്രീ. സുഭാഷ്കുമാർ., സാമൂഹികനീതി വകുപ്പ്
9. അക്കൗണ്ടന്റ് ജനറലിന്റെ പ്രതിനിധി.

PRANABJYOTI NATH IAS
Special Secretary
Water Resources Department
Govt. Secretariat, Thiruvananthapuram
Phone : 2518822